"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.എ.എസ്.പ്രദീപ് കുമാറിന്റെ അപേക്ഷ നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2619/2021/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 22/12/2021

---

പരാമർശം:-
1. ശ്രീ.എ.എസ്.പ്രദീപ് കുമാറിന്റെ 10.03.2021 ലെ അപേക്ഷകൾ.
2. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2021 ലെ PAN/4810/2021 - E2 (DP) നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 18.08.2021 ലെ PAN/4811/2021 - E2 (DP) നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.എ.എസ്.പ്രദീപ് കുമാർ പൂനയിലെ പ്രശസ്തമായ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഫിലിം മേക്കിങ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ സിനിമാട്ടോഗ്രാഫി, ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്നും ടെലിവിഷൻ പ്രൊഡക്ഷനിൽ ബിരുദാനന്തര ഡിപ്ലോമ എന്നിവ നേടിയിട്ടുണ്ടെന്നും സിനിമ പഠനമേഖലയിൽ അദ്ധ്യാപകനായും, സിനിമ, ഡോക്യുമെന്ററി മേഖലയിൽ സിനിമാട്ടോഗ്രാഫർ ആയും പ്രവർത്തി പരിചയമുണ്ടെന്നും തന്റെ ഈ മേഖലയിലുള്ള കഴിവ് ഉപയോഗിച്ച് നിലവിലുള്ള ജോലിയെ ബാധിക്കാത്ത വിധം അദ്ധ്യാപനം നടത്തുന്നതിനും സിനിമാട്ടോഗ്രാഫർ ആയിട്ട് പ്രതിഫലം ഇല്ലാതെ പ്രവർത്തിക്കുന്നതിനും ഇന്ത്യയിലെ ആദ്യ ഫോട്ടോഗ്രാഫി മ്യൂസിയം ആയ തൃശ്ശൂർ ജില്ലയിലെ ഫോട്ടോമ്യൂസ് എന്ന സ്ഥാപനത്തിന്റെ

വളർച്ചയ്ക്കുവേണ്ടി യാതൊരു പ്രതിഫലവും കൂടാതെ ഭാരവാഹി, ക്യൂറേറ്റർ എന്ന നിലയിൽ പ്രവർത്തിക്കുന്നതിനും ഉള്ള അനുവാദം നല്കണമെന്നുമുള്ള ടിയാന്റെ പരാമർശം ( 1 ) പ്രകാരമുള്ള അപേക്ഷകൾ പരാമർശം (2), (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ 1960- ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 4 8 ന്റെ ആദ്യ പ്രൊവിസോ പ്രകാരം ശാസ്ത്ര , കലാ - സാംസ്കാരിക , സാമൂഹിക സാഹിത്യ രംഗങ്ങളിൽ പ്രതിഫലം കൈപ്പറ്റാതെയും , ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരാത്തതരത്തിലും ഏർപ്പെടുന്നതിന് സർക്കാർ ജീവനക്കാർക്ക് സോപാധിക അനുമതിയുണ്ട് എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു . മാത്രമല്ല , ഇത്തരം കലാ - സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ആയത് സർക്കാരിനെയോ സർക്കാർ നയങ്ങളെയോ വിമർശിക്കാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ സർക്കാർ ജീവനക്കാർക്ക് കലാസാഹിത്യരംഗത്തും ദൃശ്യമാധ്യമരംഗത്തും പ്രവർത്തിക്കുന്നതിനു അനുമതി നൽകുന്ന പൊതുവായ വ്യവസ്ഥകളോ , ഉത്തരവുകളോ നിലവിലില്ല . 12/03/2020- തീയതിയിലെ ഉപസി 2/76/2020/ ഉ.ഭ.പ.വ നമ്പർ പരിപത്രം പ്രകാരം സർക്കാർ ജീവനക്കാർ , സർക്കാർ / എയ്ഡഡ് - സ്കൂൾ / കോളേജുകളിലെ അദ്ധ്യാപകർ എന്നിവർ സ്വകാര്യ പി.എസ്.സി പരിശീലന കേന്ദ്രങ്ങൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ തുടങ്ങിയവ നടത്തുന്നതും അത്തരം സ്ഥാപനങ്ങളിൽ അദ്ധ്യാപനം നടത്തുന്നതും ഗുരുതര അച്ചടക്ക ലംഘനമാണ്.

3. ഒരു സർക്കാർ ജീവനക്കാരൻ, ഏതെങ്കിലും ശാസ്ത്രീയ, സാഹിത്യ അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റിയുടെ അല്ലെങ്കിൽ അത്തരം ട്രസ്റ്റ് അല്ലെങ്കിൽ ഓർഗനൈസേഷന്റെ ഭാരവാഹിയായി ചുമതലയേറ്റ് ഒരു മാസത്തിനുള്ളിൽ, ചുമതല ഏറ്റെടുക്കുന്നതിനെക്കുറിച്ച് സർക്കാരിനെ അറിയിക്കുകയും സർക്കാരിന്റെ അഭിപ്രായത്തിൽ അദ്ദേഹം ഭാരവാഹിയായി തുടരുന്നത് പൊതു താൽപ്പര്യത്തിന് എതിരാണെങ്കിൽ അത്തരം ഭാരവാഹിത്വം രാജി വയ്ക്കേണ്ടതാണ് എന്നും "1960- ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 67 A ( 2), (3) ഉപചട്ടം 2- ൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും സൊസൈറ്റിയുമായോ ട്രസ്റ്റുമായോ സംഘടനകളുമായോ ബന്ധപ്പെട്ട് വ്യക്തിയിൽ നിന്നോ പൊതുജനങ്ങളിൽ നിന്നോ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഏതെങ്കിലും തരത്തിലുള്ള സബ്സ്ക്രിപ്ഷൻ അല്ലെങ്കിൽ മറ്റ് ധനസഹായം സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവർത്തനത്തിൽ പങ്കെടുക്കരുത് എന്നും ടി ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു.

4. മേൽ സാഹചര്യത്തിൽ പഞ്ചായത്തുകളിൽ ദിനം പ്രതി ജോലി ഭാരം കൂടുന്ന

സാഹചര്യത്തിലും സിനിമാ മേഖലയിൽ അധ്യാപനം നടത്തുന്നതിനും ഇന്ത്യയിലെ ആദ്യ ഫോട്ടോഗ്രാഫി മ്യൂസിയം ആയ തൃശ്ശൂർ ജില്ലയിലെ ഫോട്ടോമ്യൂസ് എന്ന സ്ഥാപനത്തിന്റെ വളർച്ചയ്ക്കുവേണ്ടി യാതൊരു പ്രതിഫലവും കൂടാതെ ഭാരവാഹി, ക്യൂറേറ്റർ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് അനുവാദം നൽകണമെന്ന ശ്രീ.എ.എസ്.പ്രദീപ് കുമാറിന്റെ അപേക്ഷ നിരസിച്ചും സിനിമാട്ടോഗ്രാഫർ ആയി പ്രതിഫലം ഇല്ലാതെ പ്രവർത്തിക്കുന്നതിന് ശ്രീ.എ.എസ്.പ്രദീപ് കുമാറിന് അനുവാദം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീ.എ.എസ്.പ്രദീപ് കുമാർ, മുൻ ജൂനിയർ സൂപ്രണ്ട്, കുമ്പള ഗ്രാമപഞ്ചായത്ത് കാസർഗോഡ് ജില്ല (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sudheer S S
Date: 22-12-2021 11:55:36
Reason: Approved

സെക്ഷൻ ഓഫീസർ